# വർക്കല ബ്ലോക്ക് പഞ്ചായത്ത്

# ബജറ്റ് 2026-27

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24/02/2026 ലെ തീരുമാനം നം 1(1)

# വർക്കല ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ് 2026-27

| | | |
|---|---|---|
| അവതരണം | : | സെൻസി, വൈസ് പ്രസിഡന്റ്, വർക്കല ബ്ലോക്ക് പഞ്ചായത്ത് |
| ഉള്ളടക്കം | : | ആമുഖം. അവതരണം, സമഗ്രവികസനത്തിന് പദ്ധതി /ധന അവലോകനം, ഉപസംഹാരം |

## വർക്കല ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി



സന്തോഷ് കുമാർ എസ്,
ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്



സെൻസി
വൈസ് പ്രസിഡന്റ് ,
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ



സനിൽകുമാർ
ചെയർമാൻ
വികസന സ്റ്റാന്റിംഗ് കമ്മിറ്റി



അഡ്വ എം സഫീർകുട്ടി
ചെയർമാൻ
ആരോഗ്യ വിദ്യാഭ്യാസ കമ്മിറ്റി



എമിലി സദാശിവൻ
ചെയർപേഴ്സൺ
ക്ഷേമകാര്യ സ്റ്റാന്റിംഗ് സ്റ്റാന്റിംഗ് കമ്മിറ്റി



കൃഷ്ണകുമാർ എസ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



സ്മിത വിഷ്ണു,
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



സനിൽ വി എസ്.
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



ശശീന്ദ്ര വി
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



അഡ്വ സ്മിതാ സുന്ദരേശൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



രാജീവ് കുമാർ,
എം.എൻ
മെമ്പർ



ശാലിനി ജി എസ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



സുധർമ്മിണി
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



അബ്ദുൾ ഖലാം ആസാദ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



അഫ്സൽ
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി



അഡ്വ അടൂർ പ്രകാശ്
എം.പി
ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലം



ഒ.എസ് അംബിക
എം.എൽ.എ
ആറ്റിങ്ങൽ നിയോജക മണ്ഡലം



അഡ്വ വി ജോയ് എം.എൽ.എ
എം.എൽ.എ
വർക്കല നിയോജക മണ്ഡലം



വി പ്രിയദർശിനി
പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത്
തിരുവനന്തപുരം



നബീൽ കല്ലമ്പലം
ജില്ലാ പഞ്ചായത്ത് അംഗം
മണമ്പൂർ ഡിവിഷൻ



ആദർശ് ഇലകമൺ
ജില്ലാ പഞ്ചായത്ത് അംഗം
ഇലകമൺ ഡിവിഷൻ

## ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ



കുഞ്ഞുമോൾ ജി
മണമ്പൂർ



ശിവകുമാർ
ചെറുന്നിയൂർ



സുജി എസ് ,
വെട്ടൂർ



രാരിഷ്
ചെമ്മരുതി



ജയചന്ദ്രൻ
ഒറ്റൂർ



ശ്രീധരൻ പിള്ള
ഇലകമൺ



റീതു മോഹൻ
ഇടവ

# ആമുഖം

ബഹുമാന്യരേ ,

വർക്കല ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ ഭരണസമിതിയുടെ പ്രഥമ ബജറ്റ് അവതരണമാണ് ഇവിടെ നടക്കുന്നത്. വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിന്റയും ജനങ്ങളുടെയും സമഗ്ര വികസനത്തിന് ഉതകുന്ന പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുവാനും വികസന പ്രശ്നങ്ങൾ പരിഹരിക്കുവാനും മുൻ ഭരണ സമിതിയ്ക്ക് ഇതിനോടകം തന്നെ കഴിഞ്ഞിട്ടുണ്ട്. ആധുനികവും തൊഴിൽ ദായകവും ഉത്പാദനക്ഷമവുമായ സമ്പദ്ഘടന കെട്ടിപ്പടുക്കവാനും യുവ തലമുറയ്ക്ക് ആധുനിക സമ്പദ്ഘടനയിലെ ഏറ്റവും മികച്ച തൊഴിൽ നൽകുക, അതിദാരിദ്ര്യം ഇല്ലാതാക്കുക. മാലിന്യ നിർമ്മാർജ്ജനത്തിന് സമഗ്രവും നൂതനവുമായ സമ്പ്രദായങ്ങൾ സ്ഥാപിക്കുക. സുസ്ഥിര വികസനങ്ങൾ കൈവരിക്കുക. തുടങ്ങി പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നതോടൊപ്പം സാമൂഹ്യ നീതി ഗുണനിലവാരമുള്ള ആരോഗ്യ വിദ്യാഭ്യാസ സേവനങ്ങൾ വിവര സാങ്കേതിക വിദ്യയുടെ മുന്നേറ്റം എന്നിവ കൂടി ഉറപ്പാക്കേണ്ടതുണ്ട്. ഇത്തരം വിവിധങ്ങളായ പദ്ധതികളിലൂടെ വളർച്ചയുടെ ചാലക ശക്തികളായി പ്രാദേശിക ഭരണകൂടം മാറേണ്ടതുണ്ട്. ഇതിനായി ഭാവനാപൂർണ്ണവും വൈവിധ്യവുമായ നൂതന പദ്ധതികളിലൂടെ സാമൂഹിക സാമ്പത്തിക വളർച്ച ലക്ഷ്യമിടുന്നതാണ് ഈ ബജറ്റ്.

വിശ്വാസപൂർവ്വം

ബ്ലോക്ക് പഞ്ചായത്തിനു വേണ്ടി

എസ് സന്തോഷ് കുമാർ
പ്രസിഡന്റ്
വർക്കല ബ്ലോക്ക് പഞ്ചായത്ത്

<u>അവതരണം</u>

ബഹുമാന്യരെ

2025 ഡിസംബർ മാസം ഇരുപത്തിയൊന്നാം തീയതി അധികാരത്തിൽ വന്ന ഈ ഭരണസമിതിയുടെ ആദ്യത്തെ ബജറ്റ് ആണ് ഇവിടെ അവതരിപ്പിക്കാൻ പോകുന്നത്. സമ്പദ് വ്യവസ്ഥയുടെ ഒന്നിലധികം മേഖലകളിലെയും സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ഒരു നൂതന സമൂഹമായി മാറ്റാൻ ലക്ഷ്യമിട്ടിരുന്ന പതിനാലാം പഞ്ചവത്സര പദ്ധതി അതിന്റെ അവസാന പാദത്തിൽ എത്തിനിൽക്കുകയാണ്. പതിനാലാം പദ്ധതി മുന്നോട്ടുവയ്ക്കുന്ന വികസന ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളും വലിയ വിജയമാകണം. കഴിഞ്ഞ അഞ്ചുവർഷവും ബ്ലോക്ക് പഞ്ചായത്തിലെ സമസ്ത മേഖലയിലും ക്രിയാത്മകമായ ഇടപെടൽ നടത്തിയ ഭരണസമിതിയുടെ തുടർച്ചയെന്നോണം വർത്തമാനകാലത്തിന്റെ സാഹചര്യങ്ങളെയും സാധ്യതകളെയും പരമാവധി പ്രയോജനപ്പെടുത്തി നൂതനമായ പദ്ധതികളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ഏഴ് പഞ്ചായത്തുകളെയും ഏകോപിപ്പിച്ചുകൊണ്ട് നാടിന്റെ കാര്യക്ഷമമായ വികസനത്തിന് ആക്കം കൂട്ടുന്നതായിരിക്കും ഈ ഭരണസമിതിയുടെ പ്രഥമ ബജറ്റ്.

എല്ലാവർക്കും വികസനം എന്ന ലക്ഷ്യത്തോടെ മുന്നേറുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന പദത്തിൽ എത്തി നിൽക്കുന്ന ഈ ഘട്ടത്തിൽ വർക്കല ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ ഭരണസമിതിയുടെ 2026–27 വാർഷിക ബജറ്റിലേക്ക് ഏവരെയും സ്വാഗതം ചെയ്യുന്നു. വർക്കല ബ്ലോക്ക് പഞ്ചായത്തിന്റെ ഏഴാമത്തെ ഭരണസമിതിയാണ് നിലവിലുള്ളത് .

നവോത്ഥാന മൂല്യങ്ങൾ ലോകത്തിന് പകർന്നു തന്ന ശ്രീനാരായണഗുരുദേവന്റെ പാദസ്പർശത്താൽ പുണ്യഭൂമിയായ വർക്കല നമ്മുടെ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗമാണെന്നതിൽ നമുക്ക് അഭിമാനിക്കാം. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങളെ ഉയർത്തി, വരുന്ന അഞ്ചുവർഷക്കാലം ഈ ഭരണസമിതി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കാൻ പോകുന്ന പ്രവർത്തനങ്ങളുടെ ദിശ സൂചകമായിരിക്കും ഈ ബജറ്റ് എന്ന് എനിക്കുറപ്പുണ്ട്.

ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും ഐക്യ കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി ഇ എം എസ്സും സ്വപ്നം കണ്ട ഗ്രാമസ്വരാജ് ആദ്യമായി നടപ്പിലാക്കിയത് നമ്മുടെ കേരളത്തിലാണ് ഭൂപ്രഭുത്വം അവസാനിപ്പിച്ചുകൊണ്ട് ഭൂപരിഷ്കരണ നിയമം കുടി കിടപ്പുകാരന് കൈവശ ഭൂമിക്ക് പട്ടയം നൽകുകയും സമ്പൂർണ്ണവും സൗജന്യവുമായ വിദ്യാഭ്യാസവും കേരളത്തിലെ മന്ത്രിസഭ നടപ്പിലാക്കിയതോടുകൂടി ഈ മാറ്റത്തിന് തുടക്കമായി. ഇപ്പോൾ അധികാരത്തിൽ ഇരിക്കുന്ന ഇടതുമുന്നണി ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള ജനക്ഷേമകരങ്ങളായ പദ്ധതികൾ ഭാരതത്തിനും ലോകത്തിനുതന്നെ മാതൃകയായിട്ടുണ്ട്. മഹാത്മാഗാന്ധി വിഭാവനം ചെയ്തത് പോലെ ഒരു നാടിന്റെ വികസന പദ്ധതികൾ തയ്യാറാക്കേണ്ടത് ആ നാട്ടിലെ ഏറ്റവും പരമ ദരിദ്രനായ മനുഷ്യന്റെ ജീവിതം മെച്ചപ്പെടുത്തുന്ന തരത്തിൽ ആയിരിക്കണം. അത്തരത്തിൽ സമാധാനപൂർണവും ദാരിദ്ര്യ നിർമാർജനപരവും ഐക്യദാർഢ്യത്തോടെയുള്ള ജനങ്ങളുടെ ജീവിതം

ഉറപ്പവരുത്തുവാനുമുള്ള ശക്തമായ ഇടപെടൽ നടത്താൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സർവ്വതല സ്പർശി ആയിട്ടുള്ള വികസനമാണ് ഇന്ന് കേരള സർക്കാർ നടപ്പിലാക്കുന്നത് കാർഷിക ആരോഗ്യ വിദ്യാഭ്യാസ പാർപ്പിട മേഖലകളിൽ സമാനതകളില്ലാത്ത വികസനമാണ് നടന്നുവരുന്നത്. ലൈഫ് പദ്ധതിയിൽ ഭൂമിയും വീടും 5 ലക്ഷം പേർക്ക് നൽകിയ സന്ദർഭത്തിലാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്. ആരോഗ്യരംഗത്ത് അവയവമാറ്റ ആശുപത്രി ആരംഭിക്കുന്നതിലൂടെ കേരളത്തിന്റെ ആരോഗ്യ ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ല് കൂടി പിറക്കുകയാണ് കേരള സർക്കാർ ക്ഷേമപെൻഷൻ 2000 രൂപയായി ഉയർത്തി കുടിശ്ശികയില്ലാതെ നൽകുന്നതിലൂടെ പാവപ്പെട്ട ജനവിഭാഗങ്ങളെ ചേർത്തുപിടിക്കുന്നു. കേരളത്തെ അതിദാരിദ്ര്യ വിമുക്ത സംസ്ഥാനമാക്കി മാറ്റാൻ കേരള സർക്കാറിന് കഴിഞ്ഞിട്ടുണ്ട് .

2022–23 മുതൽ 2026–27 വരെ നടപ്പിലാക്കുന്ന പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തേതും അഞ്ചാമത്തെയും ആയ വാർഷിക പദ്ധതിക്കായുള്ള ബജറ്റ് എല്ലാവരുടെയും ആശിർവാദത്തോടെയും അനുവാദത്തോടെയും ഭരണസമിതി മുമ്പാകെ അവതരിപ്പിക്കട്ടെ,

2026–27 സാമ്പത്തിക വർഷത്തെ നികുതി ഇതര വരുമാനത്തിൽ 7,81,000/– (ഏഴ് ലക്ഷത്തിഎൺപത്തിയൊന്നായിരം ) രൂപയും ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 98,41,000/– (തൊണ്ണൂറ്റി എട്ട് ലക്ഷത്തി നാല്പത്തിയൊന്നായിരം ) രൂപയും വികസന ഫണ്ട് ഇനത്തിൽ 8,13,23,000/– (എട്ട് കോട് പതിമൂന്ന് ലക്ഷത്തി ഇരുപത്തിമൂവായിരം രൂപയും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുപ്പ് പദ്ധതിയിൽ 37,06,14,000( മുപ്പത്തിയേഴ് കോടി ആറ് ലക്ഷത്തി പതിനാലായിരം ) രൂപയും മറ്റ് ഫണ്ടിനത്തിൽ 8,11,49,000 (എട്ട് ലക്ഷത്തി പതിനൊന്നായിരത്തി നാല്പത്തിയൊൻപ തിനായിരം രൂപ) യും മുൻബാക്കി 3,10,88,762/– (മൂന്ന് കോടി പത്ത് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി എഴുന്നൂറ്റി അറുപത്തിരണ്ട് രൂപയും ഉൾപ്പെടെ 57,47,96,762/– (അൻപത്തിയേഴ് കോടി നാല്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി എഴുന്നൂറ്റി അറുപത്തിരണ്ട് രൂപ ) വരവും 56,80,21,660/–(അമ്പത്തിയാറ് കോടി എൺപത് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി അറുന്നൂറ്റി അറുപത് രൂപ) ചെലവും 67,75,102/– (അറുപത്തി ഏഴ് ലക്ഷത്തി എഴുപത്തിയയ്യായിരത്തി നൂറ്റി രണ്ട് രൂപ) വർഷാവസാന നീക്കിയിരുപ്പും പ്രതീക്ഷിച്ചുള്ള ബജറ്റ് നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതുകൊണ്ടുതന്നെ കാർഷിക മേഖലയ്ക്ക് മികച്ച പരിഗണന നൽകി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവ ഉൾപ്പെടുന്ന ഉത്പാദന മേഖലയിൽ 2,20,48,600/– (രണ്ടു കോടി ഇരുപത് ലക്ഷത്തി നാല്പത്തിയെണ്ണായിരത്തി അറുന്നൂറ് രൂപ) വകയിരുത്തുന്നു. കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് വിപണി കണ്ടെത്തൽ, ബ്ലോക്ക്തല കാർഷിക വിപണിയെ ശക്തിപ്പെടുത്തൽ, സഞ്ജീവനി വിള ആരോഗ്യ ക്ലിനിക്കുകളുടെ ശാക്തീകരണം കേദാരം സമഗ്ര നെൽകൃഷി പദ്ധതി പച്ചക്കറി തൈ വിതരണം, പുഷ്പകൃഷി പ്രോത്സാഹിപ്പിക്കൽ, കാർഷിക സംരംഭകത്വ സബ്സിഡി, ഇടവിള കൃഷി വികസനം, സ്ഥിരം കൃഷിയ്ക്ക് കൂലി ചെലവ്

സബ്സിഡി എന്നീ പദ്ധതികൾ വിഭാവനം ചെയ്യുന്നു. ടി മേഖലയിൽ ഉൽപാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും വിളകളുടെ സംരക്ഷണത്തിനുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി ബ്ലോക്ക് പ്രദേശത്തിന്റെ ഭക്ഷ്യസുരക്ഷ, ജലസംരക്ഷണം, വനിതകൾക്ക് സ്വയംതൊഴിൽ എന്നിവ ബജറ്റ് ലക്ഷ്യമിടുന്നു. ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം, ക്ഷീര സമൃദ്ധി, തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കൽ തുടങ്ങിയ ക്ഷീരവികസന പദ്ധതികളിലൂടെ ലക്ഷ്യം കൈവരിക്കാവുന്നതാണ്. മൊബൈൽ വെറ്ററിനറി യൂണിറ്റിന് മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി രണ്ടു ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഏതൊരു വികസിത സമൂഹത്തിന്റെയും മുഖമുദ്രയാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ സമൂഹത്തിന്റെ വികലമായ കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ്. സമൂഹത്തെ ശരിയായ കാഴ്ചപ്പാടിൽ എത്തിക്കുവാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ അവർക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിൽ എത്തിച്ച് സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾ ബജറ്റിൽ വിഭാവനം ചെയ്യുന്നു. ഈ മേഖലകളിലെ പ്രവർത്തനത്തിനായി 49,20,000/- (നാല്പത്തിയൊൻപത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപ വകയിരുത്തുന്നു. മലർവാടി കേന്ദ്രം, പ്രീ മാരിറ്റൽ കൗൺസിലിംഗ്, വനിതകൾക്ക് യോഗ പരിശീലനം തുടങ്ങിയ പദ്ധതികളിലൂടെ സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരികവും മാനസികവുമായ ആരോഗ്യനിലവാരം മെച്ചപ്പെടുത്തി സാമൂഹിക സുരക്ഷിതത്വവും ദാരിദ്ര്യ ലഘൂകരണവും ബജറ്റിൽ ലക്ഷ്യമിടുന്നു. വർക്കല പ്രദേശത്തിന്റെ ജനസംഖ്യയിൽ ഭൂരിഭാഗവും സ്ത്രീകളാണ്. വനിതകളുടെ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി, തുടങ്ങിയ പദ്ധതികളിലൂടെ ദാരിദ്ര്യം നിർമാർജനവും ഉറപ്പുവരുത്തുന്നു. ഇതിനായി "സ്ത്രീപക്ഷ നവകേരളം", വനിതകൾക്കായുള്ള സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവയ്ക്കായി 35 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു. ഒപ്പം അടിസ്ഥാന സൗകര്യ വികസനം ഡിജിറ്റൽ യുഗത്തിന് അനുയോജ്യമായ തൊഴിൽ സൃഷ്ടി, നവ സാങ്കേതിക മേഖലകളിലെ മുന്നേറ്റം എന്നിവ കൂടി ഉറപ്പാക്കേണ്ടതുണ്ട്. സംരംഭകരുടെ ഉൽപ്പന്നങ്ങളെ സമൂഹത്തിൽ ഡിജിറ്റൽ രീതിയിൽ പരിചയപ്പെടുത്തുന്നതിന് "വർക്കല ബ്ലോക്ക് പഞ്ചായത്ത് ഡിജിറ്റൽ മാർക്കറ്റ് കണക്ട് " എന്ന നൂതന പദ്ധതിക്കായി 4 ലക്ഷം രൂപയും ബജറ്റിൽ വിഭാവനം ചെയ്യുന്നു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അംഗൻവാടികളുടെ പശ്ചാത്തല അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും, ബഡ്സ് സ്കൂൾ അനുപൂരക പോഷകാഹാര പരിപാടി എന്നിവയ്ക്കായി മുൻ വർഷങ്ങളിൽ എന്ന പോലെ ഇക്കൊല്ലവും മതിയായ തുക വകയിരുത്തിയിട്ടുണ്ട്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങളുടെ സഹായത്തിനായി അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഉതകുന്ന വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനായി സ്നേഹസ്പർശം പദ്ധതിക്കായി 24ലക്ഷം രൂപ ബജറ്റിൽ ഉൾപെടുത്തിയിട്ടുണ്ട്. ഭിന്നശേഷി കുട്ടികളുടെ കലാകായികമേളയ്ക്കായി ഒന്നര ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു ഇതിനു പുറമെ ബഡ്സ് സ്കൂൾ വിഹിതം നൽകൽ പദ്ധതിക്കായി 4 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു .

പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരുടെ സമഗ്ര വികസനത്തിനായി മുൻ വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവരുടെ ഉന്നമനത്തിനായി "പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി", ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം തുടങ്ങി പദ്ധതികൾക്കായി Rs.1,25,00,000/- ( ഒരു കോടി ഇരുപത്തി അഞ്ച് ലക്ഷം രൂപ ) ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു .

യുവജനങ്ങളുടെ കലാസാംസ്കാരിക ഉന്നമനത്തിനായി വജ്ര ജൂബിലി ഫെലോഷിപ്പ് നേടിയ കലാകാരൻമാർക്ക് ധനസഹായം, ഗെയിംസ് ഫെസ്റ്റിവൽ, കേരളോത്സവം, സ്റ്റേഡിയം വാങ്ങാൻ വിഹിതം നൽകൽ തുടങ്ങിയ പദ്ധതികൾക്കായി 18 ലക്ഷം രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. ഓരോ പഞ്ചായത്തിലും ഒരു സ്റ്റേഡിയം എന്നതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ സ്വപ്നം. വയോജനങ്ങളെ കൂടുതൽ ക്രിയാത്മകമാക്കുന്നതിനു വേണ്ടി വയോജന പാർക്കിനായി 7 ലക്ഷം രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള മണമ്പൂർ സി എച്ച് സി യുടെ പ്രവർത്തനങ്ങൾക്കായി 74 ലക്ഷം രൂപ ബജറ്റ് ലക്ഷ്യമിടുന്നു. പൊതുജന ആരോഗ്യ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടതുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന 52,29,000/- രൂപ (അൻപത്തി രണ്ടു ലക്ഷത്തി ഇരുപത്തി ഒൻപതിനായിരം രൂപ) ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനങ്ങളുടെ വികസനത്തിനും പരിപാലനത്തിനുമായി വകയിരുത്തുന്നു.

സേവനമേഖലയിലെ സംസ്ഥാന സർക്കാരിന്റെ പ്രധാന നയ പരിപാടിയായ നവ കേരള മിഷൻ പദ്ധതിയിലെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ്, ബ്ലോക്ക് പഞ്ചായത്ത് ഇക്കൊല്ലവും പ്രാധാന്യത്തോടെ ഏറ്റെടുക്കുന്നു. പി എം എ വൈ (ഗ്രാമീൺ) പദ്ധതിക്കും ബ്ലോക്ക് പഞ്ചായത്ത് ധനസഹായം നൽകിവരുന്നു. ഭവന പദ്ധതികൾക്കായി ഒൻപതു കോടി തൊണ്ണൂറ്റി എട്ടു ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

കുടിവെള്ളം, ശുചിത്വം അനുബന്ധ പ്രവർത്തനങ്ങൾക്കായി തൊണ്ണൂറു ലക്ഷം രൂപയുടെ പദ്ധതികൾ ബജറ്റ് ലക്ഷ്യമിടുന്നു. വർക്കല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ നൂതന പദ്ധതിയായ കുടിവെള്ള ഗുണനിലവാര പരിശോധനാ ലാബ് സ്ഥാപിക്കുന്നതിന് 11 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരിക്കുന്നു.

പശ്ചാത്തല മേഖലയിലെ പ്രവർത്തനങ്ങൾക്ക് 2,34,49,000( രണ്ട് കോടി മുപ്പത്തിനാല് ലക്ഷത്തി നാല്പത്തിയൊൻപതിനായിരം രൂപ വകയിരുത്തിയിരിക്കുന്നു. പശ്ചാത്തല മേഖലയിലെ ടി വകയിരുത്തൽ റോഡുകളുടെ നവീകരണം ഉൾപ്പെടെയുള്ള പ്രവർത്തികളിലൂടെ മികച്ച ഗതാഗത സൗകര്യം ലഭ്യമാക്കി ജനങ്ങളുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്തുവാൻ ബജറ്റ് ലക്ഷ്യമിടുന്നു.

രാജ്യത്തുടനീളം ഉള്ള ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവന സുരക്ഷ വർദ്ധിപ്പിക്കുക എന്നതാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. അതിനായി തൊഴിൽ ചെയ്യാൻ സന്നദ്ധരായ പ്രായപൂർത്തിയായ അംഗങ്ങളുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 തൊഴിൽ ദിനങ്ങൾ നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങളായ പട്ടികജാതി പട്ടികവർഗ്ഗം സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾ, വിഭാഗങ്ങൾ എന്നിവർക്ക് മുൻഗണന നൽകി അവരുടെ ഉപജീവന വിഭവങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം പദ്ധതി അംഗീകരിക്കുന്നു. ഈ പദ്ധതി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ സമൂഹബോധവും കൂട്ടായ ഉത്തരവാദിത്വവും വളർത്തുന്നു. പ്രാദേശിക സമൂഹങ്ങളെ അവരുടെ വികസന പ്രവർത്തനങ്ങളിൽ നേതൃത്വം ഏറ്റെടുക്കാൻ ഇത് ശക്തിപ്പെടുത്തുന്നു. നിശ്ചിത നിലവാരവും ദീർഘകാല പ്രയോജനവും ഉള്ള ഉത്പാദക ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ പദ്ധതി ഉടൻ അനുഭവപ്പെടുന്ന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനോടൊപ്പം ദീർഘകാല സമൃദ്ധിക്കുള്ള അടിത്തറയും ഒരുക്കുന്നു. 2026 – 27 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിലായി 6,02,625 (ആറു ലക്ഷത്തി രണ്ടായിരത്തി അറുന്നൂറ്റി ഇരുപത്തിയഞ്ചു) തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി Rs.37,06,14,000/-(മുപ്പത്തിയേഴ് കോടി ആറ് ലക്ഷത്തി പതിനാലായിരം ) രൂപയുടെ ബജറ്റ് ആണ് തയ്യാറാക്കിയിരിക്കുന്നത്.

സർക്കാരിന്റെ ഗ്രാന്റ് കൊണ്ട് മാത്രം പ്രവർത്തിക്കുന്ന സ്ഥാപനമാണ് ബ്ലോക്ക് പഞ്ചായത്ത്. ഫലവൃക്ഷങ്ങളുടെ ലേലം ടെൻഡർ ഫോം വിൽപ്പന, കാന്റീൻ എന്നിവയിൽ നിന്ന് കിട്ടുന്ന നാമ മാത്രമായ വരുമാനമാണ് ബ്ലോക്ക് പഞ്ചായത്തിനു ഉള്ളത്. ഓഡിറ്റോറിയം, വിപണന കേന്ദ്രങ്ങൾ മുതലായവയിൽ നിന്നും കൂടുതൽ വരുമാന മാർഗ്ഗങ്ങൾ ബ്ലോക്ക് പഞ്ചായത്ത് കണ്ടെത്തണമെന്ന് ബജറ്റിൽ നിർദ്ദേശിക്കുന്നു.

വർക്കല ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിന് സന്തുലിതമായ ധനകാര്യ മാനേജ്മെന്റ് നിലനിർത്തിക്കൊണ്ടുള്ള ബജറ്റ് തയാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി സഹകരിച്ച് ബഹുമാനപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, സഹപ്രവർത്തകരായ മറ്റ് അംഗങ്ങൾ, സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാർ എന്നിവരോട് ബ്ലോക്ക് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃതജ്ഞത അറിയിക്കുന്നു.

സുസ്ഥിരവും കാര്യക്ഷമവുമായി രീതിയിൽ സാമൂഹിക സാമ്പത്തിക ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ സംസ്ഥാന സർക്കാരിനെ പിന്തുണയ്ക്കുക എന്ന ലക്ഷ്യത്തിന് ഊന്നൽ നൽകിക്കൊണ്ട് 2026– 27 വർഷത്തെ വാർഷിക ബജറ്റ് ഭരണസമിതി അംഗങ്ങൾ മുമ്പാകെ സമർപ്പിക്കുന്നു.

# വർക്കല ബ്ലോക്ക് പഞ്ചായത്ത്

## വാർഷിക ബജറ്റ്

## 2026-27

| | |
|---|---|
| മുൻ ബാക്കി | 31088762 |
| നികുതി ഇതര വരുമാനം | 781000 |
| ജനറൽ പർപ്പസ് ഫണ്ട് | 9841000 |
| വികസന ഫണ്ട് | 81323000 |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് | 370614000 |
| മറ്റ് ഫണ്ടിനങ്ങൾ | 81149000 |
| ആകെ വരവ് | 574796762 |
| ചെലവ് | 568021660 |
| നീക്കിയിരിപ്പ് | 6775102 |

| VARKALA BLOCK PANCHAYATH | | |
|---|---|---|
| | **പ്രതീക്ഷിത വരവുകൾ** | **തുക (അക്കത്തിൽ)** |
| 1 | നികുതിവരുമാനം | - |
| 2 | നികുതിയേതര വരുമാനം | 781,000.00 |
| 3 | പൊതു ആവശ്യഗ്രാന്റ് | 9,841,000.00 |
| 4 | ആകെ അനിവാര്യ ചെലവുകൾക്കുള്ള വരവുകൾ | 10,622,000.00 |
| 5 | വികസന ഫണ്ട് (പൊതു വിഭാഗം) | 37787000 |
| 6 | വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) | 27840000 |
| 7 | വികസന ഫണ്ട് (TSP) | - |
| 8 | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 15,696,000.00 |
| 9 | മെയിന്റനൻസ് ഗ്രാന്റ് – റോഡ് | - |
| 10 | മെയിന്റനൻസ് ഗ്രാന്റ് –നോൺ റോഡ് | 5229000 |
| 11 | പദ്ധതിയിതര ആവശ്യങ്ങൾക്കുള്ള സർക്കാർ ഗ്രാൻറ്–പെൻഷന്, വേതനം.... | 100000 |
| 12 | **കേന്ദ്രവിഹിതം** | 32,500,000.00 |
| 13 | ഐ.സി.ഡി.എസ് | |
| 14 | എന്.ആര്, ഇ.ജി.എസ് | 370614000 |

| | | |
|---|---|---|
| 15 | ആരോഗ്യമേഖലയ്ക്കുള്ള ഫണ്ട് | |
| 18 | ലൈഫ് സ്റ്റേറ്റ് ഷെയർ | |
| 19 | ഗ്രാമ  പഞ്ചായത്ത് വിഹിതം | 15265000 |
| 20 | ജില്ലാപഞ്ചായത്ത് വിഹിതം | 18477000 |
| 22 | ഗുണഭോക്തൃവിഹിതം | 9578000 |
| 24 | മറ്റുള്ളവ | |
| 25 | **ആകെ** | **543,708,000.00** |
| 26 | **മുൻബാക്കി** | **31,088,762.00** |
| 27 | **ഒട്ടാകെ** | **574,796,762.00** |
| | | |

| | | |
|---|---|---|
| | **പ്രതീക്ഷിത ചെലവുകൾ** | |
| | | |
| 1 | **അനിവാര്യ ചെലവുകൾ** | |
| | (1) ശമ്പളവും മാനവേതനവും ബത്തകളും | 6,545,000.00 |
| | (2) ഭരണ ചെലവുകൾ | 1,880,000.00 |
| | (3) നടത്തിപ്പും സംരക്ഷണ ചെലവുകളും | 1,065,000.00 |
| | **ആകെ** | **9,490,000.00** |
| | **റവന്യൂ മിച്ചം (5 % Surplus)** | **1,132,000.00** |
| 2 | **പദ്ധതി ചെലവുകൾ** | |
| | (1) ഉത്പാദനം | |
| | (1) കൃഷി | 13,248,600.00 |
| | (2) മൃഗസംരക്ഷണവും ക്ഷീരവികസനവും | 5,000,000.00 |
| | (3) ദുരന്തനിവാരണം | 1,000,000.00 |
| | (4) വ്യവസായം/തൊഴിലുകൾ/പ്രാദേശിക വികസനം | 1,300,000.00 |
| | (5) പ്രകൃതി സംരക്ഷണം/BIO DIVERSITY | 1,500,000.00 |
| | **ആകെ** | 22,048,600.00 |

| | | |
|---|---|---|
| | (2) സേവനം | |
| | (1) വിദ്യാഭ്യാസം/കല/കായികം | 1,800,000.00 |
| | (2) ആരോഗ്യം | 7,400,000.00 |
| | (3) കുടിവെള്ളം-ശുചിത്വം | 9,000,000.00 |
| | (4) പട്ടികജാതി ക്ഷേമം | 12,500,000.00 |
| | (5) ഭവനം | 99,800,000.00 |
| | (6) ദാരിദ്ര്യ ലഘൂകരണം | 370614000 |
| | (7) വയോജനക്ഷേമം | 3,062,560.00 |
| | (8) വനിത-ശിശുക്ഷേമം | 4,920,000.00 |
| | (9) ഭിന്നശേഷിക്കാരുടെ ഉന്നമനം | 3,017,500.00 |
| | (10) അഗതിക്ഷേമം | 100,000.00 |
| | (11) സദ്ഭരണം | 100,000.00 |
| | (12) ടൂറിസം | |
| | (13) മറ്റു പദ്ധതികൾ | 720,000.00 |
| | **ആകെ** | 513,034,060.00 |

| | | |
|---|---|---|
| | 3 പശ്ചാത്തലം | |
| | (1) റോഡുകൾ /ലെയിനുകൾ | 4,000,000.00 |
| | (2) റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് | 5229000 |
| | (3) മേഖലയിൽ ഉൾപ്പെടാത്തവ | 9,800,000.00 |
| | (4) ആസ്തി പരിപാലനം | 3,320,000.00 |
| | (5) ആസ്തി സൃഷ്ടിക്കൽ | 1,100,000.00 |
| | (6) ലോൺ തിരിച്ചടവ് | |
| | (7) പെൻഷൻ | |
| | **ആകെ** | 23,449,000.00 |
| | **ആകെ പ്രതീക്ഷിത ചെലവുകൾ** | **568,021,660.00** |
| | | |
| | **നീക്കിയിരുപ്പ്** | **6,775,102.00** |

# Varkala Block Development Office

# Form 1

2026-2027 NEW BUDGET

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Opening Balance** | | **28663759** | **31088762** |
| | **Revenue Receipt - 1** | | | |
| | **Fees and User Charges - 140** | | | |
| 1 | 1401399 Fees for Other Certificates or Extracts | | 1000 | 1000 |
| 2 | 1401401 Fees under RTI Act | | 0 | 10000 |
| 3 | 1402001 Penal Interest | | 5000 | 1000 |
| 4 | 1402002 Fines imposed by court (including P.F.A) | | 10000 | 1000 |
| 5 | 1402003 Other Penalities and Fines | | 100000 | 75000 |
| 6 | 1407002 Percentage Charges on Deposit Works | | 200000 | 100000 |
| | **Total Fees and User Charges** | | **316000** | **188000** |
| | **Sale and Hire Charges - 150** | | | |
| 7 | 1501001 Receipts from Sale of Agricultural Products | | 20000 | 1000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 8 | 1501099 Receipts from Sale of Other Products | | 60000 | 6000 |
| 9 | 1501101 Receipts from Sale of Forms | | 25000 | 25000 |
| 10 | 1501102 Receipts from Sale of Tender Forms | | 275000 | 275000 |
| 11 | 1501202 Receipts from Sale of Scrap | | 57000 | 57000 |
| | **Total Sale and Hire Charges** | | **437000** | **364000** |
| | **Revenue Grants, Contributions and Subsidies - 160** | | | |
| 12 | 1601017 Fund for Transferred Functions/ Schemes - Financial Help for Intercaste Marriages | | 100000 | 100000 |
| 13 | 1601023 General Purpose Fund | | 8867000 | 9841000 |
| | **Total Revenue Grants, Contributions and Subsidies** | | **8967000** | **9941000** |
| | **Interest Earned - 171** | | | |
| 14 | 1711001 Interest from Bank Accounts | | 75000 | 75000 |
| | **Total Interest Earned** | | **75000** | **75000** |
| | **Other Income - 180** | | | |
| 15 | 1808099 Miscellaneous Receipts | | 2000 | 2000 |
| | **Total Other Income** | | **2000** | **2000** |
| | **Prior Period Items - 280** | | | |
| 16 | 2801001 Prior Period Income | | 200000 | 100000 |
| | **Total Prior Period Items** | | **200000** | **100000** |
| | **Rental Income - LB Properties - 130** | | | |
| 17 | 1301005 Rent from Conference Hall | | 0 | 10000 |
| 18 | 1301009 Rent from Auditorium and Halls | | 10000 | 10000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 19 | 1302003 Rent from Buildings | | 32000 | 32000 |
| | **Total Rental Income** | | **42000** | **52000** |
| | **Total Revenue Receipt** | | **10039000** | **10722000** |
| | **Capital Receipt - 2** | | | |
| | **Grants, Contribution for Specific Purposes - 320** | | | |
| 20 | 3201004 Central Finance Commission Grant - Tied | | 9418000 | 9418000 |
| 21 | 3201005 Central Finance Commission Grant - Untied | | 6278000 | 6278000 |
| 22 | 3201011 Prime Minister S Awas Yojana (PMAY) - General | | 13200000 | 28000000 |
| 23 | 3201012 Prime MinisterS Awas Yojana (PMAY) – Minorities | | 0 | 4500000 |
| 24 | 3201013 Prime Minister'S Awas Yojana (S.C.P) | | 4718000 | 0 |
| 25 | 3201029 Swaccha Bharat Mission - Solid Waste Management | | 767631 | 0 |
| 26 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 320000000 | 370614000 |
| 27 | 3201056 Special Grants | | 25560000 | 0 |
| 28 | 3202001 Development Fund - General | | 44189400 | 37787000 |
| 29 | 3202002 Development Fund - Special Component Plan | | 26458448 | 27840000 |
| 30 | 3202010 Maintenance Fund - Non-Road Assets | | 6377542 | 5229000 |
| 31 | 3202027 Grants For Specific Purposes - Election | | 2000000 | 0 |
| 32 | 3202031 Grant for Keralotsavam | | 100000 | 0 |
| 33 | 3202037 Other Revenue Grants | | 51000 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 34 | 3204001 Grant from Financial Institutions | | 750000 | 0 |
| 35 | 3208010 Beneficiary Contribution | | 9478140 | 9578000 |
| 36 | 3209001 Contribution to Joint Venture Projects from District Panchayat | | 17377000 | 18477000 |
| 37 | 3209003 Contribution to Joint Venture Projects from Grama Panchayat | | 12264680 | 15265000 |
| | **Total Grants, Contribution for Specific Purposes** | | **498987841** | **532986000** |
| | **Deposits Received - 340** | | | |
| 38 | 3401003 Retention | | 0 | 200000 |
| 39 | 3402001 Rent Deposit | | 0 | 2000 |
| 40 | 3402002 Auction Deposit | | 0 | 1000 |
| 41 | 3408099 Other deposits received | | 0 | 1000 |
| | **Total Deposits Received** | | **0** | **204000** |
| | **Redemption - 431** | | | |
| 42 | 4315002 Receivables from Government (redemption amount) | | 11305665 | 0 |
| | **Total Redemption** | | **11305665** | **0** |
| | **Loans, Advances and Deposits - 460** | | | |
| 43 | 4605003 Advance to Implementing Officers | | 1700000 | 1200000 |
| 44 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 0 | 0 |
| | **Total Loans, Advances and Deposits** | | **1700000** | **1200000** |
| | **Total Capital Receipt** | | **511993506** | **534390000** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Revenue Expenditure - 3** | | | |
| | **Establishment Expenses - 210** | | | |
| 45 | 2101004 Salaries - Contract Staff | | 225000 | 300000 |
| 46 | 2101006 Salaries - Full time Contingent Staff | | 20000 | 0 |
| 47 | 2101007 Salaries - Part time Contingent Staff | | 0 | 100000 |
| 48 | 2101101 Wages | | 1300000 | 1500000 |
| 49 | 2101201 Bonus | | 25000 | 100000 |
| 50 | 2101401 Honourarium | | 2085000 | 4000000 |
| 51 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | | 195000 | 195000 |
| 52 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 200000 | 100000 |
| 53 | 2102021 Telephone Allowance - Mayor/ Chairperson/ President | | 10000 | 100000 |
| 54 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | | 0 | 100000 |
| 55 | 2102027 Medical Re-Imbursement -Councillors | | 40000 | 50000 |
| | **Total Establishment Expenses** | | **4100000** | **6545000** |
| | **Administrative Expenses - 220** | | | |
| 56 | 2201001 Rent of Buildings | | 5000 | 5000 |
| 57 | 2201003 Other Taxes/ Duties | | 40000 | 40000 |
| 58 | 2201101 Office Electricity Expenses | | 175000 | 200000 |
| 59 | 2201102 Water Charges - Office | | 10000 | 50000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 60 | 2201104 Service Connection Charge (KSEB/ KWA) | | 5000 | 10000 |
| 61 | 2201199 Other Office Maintenance Expenses | | 300000 | 550000 |
| 62 | 2201201 Telephone Expenses/ Internet Charges | | 100000 | 50000 |
| 63 | 2201202 Postage Expenses | | 25000 | 25000 |
| 64 | 2201299 Miscellaneous Communication Expenses | | 100000 | 100000 |
| 65 | 2202001 Books & Periodicals | | 0 | 50000 |
| 66 | 2202101 Printing & Stationery | | 0 | 50000 |
| 67 | 2204001 Insurance | | 100000 | 100000 |
| 68 | 2205101 Miscellaneous Legal Expenses | | 0 | 200000 |
| 69 | 2205201 Professional & Other Fees | | 0 | 50000 |
| 70 | 2206001 Newspaper Advertisement Charges | | 0 | 50000 |
| 71 | 2206002 Keralolsavam Expenses | | 0 | 100000 |
| 72 | 2206101 Membership & Subscriptions | | 80000 | 200000 |
| 73 | 2208001 Festival Expenses | | 200000 | 50000 |
| | **Total Administrative Expenses** | | **1140000** | **1880000** |
| | **Operation and Maintenance - 230** | | | |
| 74 | 2301002 Fuel Charges | | 450000 | 400000 |
| 75 | 2305301 Repairs & Maintenance - Vehicles | | 120000 | 200000 |
| 76 | 2305901 Repairs & Maintenance - Machinery | | 50000 | 50000 |
| 77 | 2305902 Repairs & Maintenance - Office Equipments | | 80000 | 50000 |
| 78 | 2305909 Other Repairs & Maintenance | | 50000 | 50000 |
| 79 | 2308099 Other Operating & Maintenance Expenses | | 0 | 50000 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 80 | 2308201 Refreshment Charges | | 100000 | 150000 |
| | **Total Operation and Maintenance** | | **850000** | **950000** |
| | **Interest and Finance Charges - 240** | | | |
| 81 | 2407001 Bank Charges | | 0 | 5000 |
| 82 | 2408001 Other Finance Expenses | | 0 | 10000 |
| | **Total Interest and Finance Charges** | | **0** | **15000** |
| | **Programe Expenses - 250** | | | |
| 83 | 2501001 Election Expenses | | 2000000 | 100000 |
| 84 | 2502001 Expenditure on Poverty Eradication Program | | 320000000 | 370614000 |
| | **Total Programe Expenses** | | **322000000** | **370714000** |
| | **Expenses Related to Productive Sector - 251** | | | |
| 85 | 2510101 Agriculture - Paddy | | 10848140 | 0 |
| 86 | 2510105 Agriculture - Plaintane | | 280000 | 0 |
| 87 | 2510106 Agriculture - Tubercrops | | 200000 | 0 |
| 88 | 2510131 Agriculture Development - Infrastructure Facilities | | 236000 | 0 |
| 89 | 2510132 Agriculture Related Facilities | | 1195000 | 0 |
| 90 | 2510136 Agrarian Disease | | 750000 | 0 |
| 91 | 2510304 Dairy Development -Infrastructure | | 1500000 | 0 |
| 92 | 2510305 Dairy Development - Milk Incentives | | 5520379 | 0 |
| 93 | 2511301 Self Employment and Marketing Promotion | | 4900000 | 0 |
| | **Total Expenses Related to Productive Sector** | | **25429519** | **0** |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| | **Expenses Related to Service Sector - 252** | | | |
| 94 | 2520102 Primary Education | | 817006 | 0 |
| 95 | 2520107 Education-Related Activities | | 7082000 | 0 |
| 96 | 2520202 Literacy Equivalance Examination | | 100000 | 0 |
| 97 | 2520301 Reading Rooms, Libraries - Infrastructure | | 1045097 | 0 |
| 98 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 687500 | 0 |
| 99 | 2520602 Health related Programs | | 500000 | 0 |
| 100 | 2520618 Medical Institution - Allopathy | | 10967850 | 0 |
| 101 | 2520702 Drinking Water - Public | | 6499802 | 0 |
| 102 | 2520801 Housing & House Electrification - Individual | | 94838530 | 0 |
| 103 | 2520902 Child Welfare Program | | 208977 | 0 |
| 104 | 2520903 Women Welfare | | 240000 | 0 |
| 105 | 2520904 Welfare of the Aged | | 1166323 | 0 |
| 106 | 2520906 Welfare Programs for Physically/ Mentally Challenged | | 2926800 | 0 |
| 107 | 2520908 Social Security Programme | | 272638 | 0 |
| 108 | 2521001 Anganwadi Nutrition | | 900000 | 0 |
| 109 | 2521101 Anganwadi Infrastructure | | 2058418 | 0 |
| 110 | 2521201 Vocational Capacity Building - Vocational Training | | 400000 | 0 |
| 111 | 2521601 Local Government Service Delivery Improvement | | 1647719 | 0 |
| 112 | 2521602 Payments to IKM | | 85780 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 113 | 2521701 Allied Institution Service Delivery Improvement | | 902542 | 0 |
| 114 | 2521905 Toilet (Institution Level) | | 300000 | 0 |
| 115 | 2522001 Plan Formulation, Implementation and Monitoring | | 200000 | 0 |
| | **Total Expenses Related to Service Sector** | | **133846982** | **0** |
| | **Expenses Related to Infrastructure Sector - 253** | | | |
| 116 | 2530301 Public Buildings - Local Government Office Building | | 1956463 | 0 |
| 117 | 2530302 Public Buildings - Other Buildings | | 544943 | 0 |
| | **Total Expenses Related to Infrastructure Sector** | | **2501406** | **0** |
| | **Expenses related to State Sponsored Schemes - 254** | | | |
| 118 | 2540106 Financial Assistance for Intercaste marriage | | 100000 | 100000 |
| 119 | 2540199 Expenditures Of Transferred Institutions -Others | | 200000 | 0 |
| | **Total Expenses related to State Sponsored Schemes** | | **300000** | **100000** |
| | **Revenue Grants, Cotributions and Subsidies - 260** | | | |
| 120 | 2602101 Keralotsavam - Expenses | | 100000 | 0 |
| | **Total Revenue Grants, Cotributions and Subsidies** | | **100000** | **0** |
| | **Total Revenue Expenditure** | | **490267907** | **380204000** |
| | **Capital Expenditure - 4** | | | |
| | **Refund of Deposits - 340** | | | |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 121 | 3401003 Retention | | 200100 | 200000 |
| 122 | 3402001 Rent Deposit | | 2500 | 2000 |
| 123 | 3402002 Auction Deposit | | 500 | 1000 |
| 124 | 3408099 Other deposits received | | 100 | 1000 |
| | **Total Refund of Deposits** | | **203200** | **204000** |
| | **Payment of Recoveries - 350** | | | |
| 125 | 3501102 Net Salary Payable | | 30000 | 0 |
| 126 | 3502025 Recoveries Payable - Income Tax Deducted at Source | | 1000 | 0 |
| 127 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | | 10 | 0 |
| 128 | 3502028 Recoveries Payable - Other Recoveries | | 10 | 0 |
| 129 | 3503005 Government and Other Dues Payable-TDS - CGST | | 10 | 0 |
| 130 | 3504018 Refund Payable - Grants and Funds | | 300000 | 0 |
| | **Total Payment of Recoveries** | | **331030** | **0** |
| | **Fixed Assets - 410** | | | |
| 131 | 4101001 Land | | 500000 | 0 |
| 132 | 4101008 Public well | | 697070 | 0 |
| 133 | 4102011 Public Comfort Stations | | 3520030 | 0 |
| 134 | 4102016 Other Buildings | | 4295375 | 0 |
| 135 | 4103001 Concrete Roads | | 2864914 | 0 |
| 136 | 4103002 Black Topped Roads | | 5510863 | 0 |

| SN | Head of Accounts | Actuals for the Previous year | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|---|
| 137 | 4103012 Side Walls | | 5300101 | 0 |
| 138 | 4103099 Other Constructions | | 250000 | 9800000 |
| 139 | 4103102 Drainage | | 2332785 | 0 |
| 140 | 4104001 Plant & Machinery | | 223000 | 0 |
| 141 | 4105001 Vehicles | | 1300000 | 0 |
| 142 | 4106002 Computers, Printers & Peripherals | | 305000 | 0 |
| 143 | 4108001 Other Fixed Assets | | 482857 | |
| | Total Fixed Assets | | 27581995 | 1100000 |
| | Loans, Advances and Deposits - 460 | | | |
| 144 | 4605003 Advance to Implementing Officers | | 1700000 | 1200000 |
| 145 | 4606003 Water Deposits | | 1365000 | 0 |
| | Total Loans, Advances and Deposits | | 3065000 | 1200000 |
| | Total Capital Expenditure | | 31181225 | 1404000 |
| | Total Expenditure | | 521449132 | 381608000 |
| | Total plan Expenditure | | | 187817660 |
| | Total Receipts | | 522032506 | 545112000 |
| | Balance | | 29247133 | 6775102 |
| | | | | |

| | | |
|---|---|---|
| | **പ്രതീക്ഷിത ചെലവുകൾ** | |
| | | |
| 1 | **അനിവാര്യ ചെലവുകൾ** | |
| | (1) ശമ്പളവും മാനവേതനവും ബത്തകളും | 6,545,000.00 |
| | (2) ഭരണ ചെലവുകൾ | 1,880,000.00 |
| | (3) നടത്തിപ്പും സംരക്ഷണ ചെലവുകളും | 1,065,000.00 |
| | **ആകെ** | **9,490,000.00** |
| | **റവന്യൂ മിച്ചം (5 % Surplus)** | **1,132,000.00** |
| 2 | **പദ്ധതി ചെലവുകൾ** | |
| | (1) ഉത്പാദനം | |
| | (1) കൃഷി | 13,248,600.00 |
| | (2) മൃഗസംരക്ഷണവും ക്ഷീരവികസനവും | 5,000,000.00 |
| | (3) ദുരന്തനിവാരണം | 1,000,000.00 |
| | (4) വ്യവസായം/തൊഴിലുകൾ/പ്രാദേശിക വികസനം | 1,300,000.00 |
| | (5) പ്രകൃതി സംരക്ഷണം/BIO DIVERSITY | 1,500,000.00 |
| | **ആകെ** | 22,048,600.00 |

| | | |
|---|---|---|
| | (2) സേവനം | |
| | (1) വിദ്യാഭ്യാസം/കല/കായികം | 1,800,000.00 |
| | (2) ആരോഗ്യം | 7,400,000.00 |
| | (3) കുടിവെള്ളം-ശുചിത്വം | 9,000,000.00 |
| | (4) പട്ടികജാതി ക്ഷേമം | 12,500,000.00 |
| | (5) ഭവനം | 99,800,000.00 |
| | (6) ദാരിദ്ര്യ ലഘൂകരണം | 370614000 |
| | (7) വയോജനക്ഷേമം | 3,062,560.00 |
| | (8) വനിത-ശിശുക്ഷേമം | 4,920,000.00 |
| | (9) ഭിന്നശേഷിക്കാരുടെ ഉന്നമനം | 3,017,500.00 |
| | (10) അഗതിക്ഷേമം | 100,000.00 |
| | (11) സദ്ഭരണം | 100,000.00 |
| | (12) ടൂറിസം | |
| | (13) മറ്റു പദ്ധതികൾ | 720,000.00 |
| | **ആകെ** | 513,034,060.00 |

| | | |
|---|---|---|
| | 3 പശ്ചാത്തലം | |
| | (1) റോഡുകൾ /ലെയിനുകൾ | 4,000,000.00 |
| | (2) റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് | 5229000 |
| | (3) മേഖലയിൽ ഉൾപ്പെടാത്തവ | 9,800,000.00 |
| | (4) ആസ്തി പരിപാലനം | 3,320,000.00 |
| | (5) ആസ്തി സൃഷ്ടിക്കൽ | 1,100,000.00 |
| | (6) ലോൺ തിരിച്ചടവ് | |
| | (7) പെൻഷൻ | |
| | **ആകെ** | 23,449,000.00 |
| | **ആകെ പ്രതീക്ഷിത ചെലവുകൾ** | **568,021,660.00** |
| | | |
| | **നീക്കിയിരുപ്പ്** | **6,775,102.00** |

# സംഗ്രഹം

| | |
|---|---|
| മുൻ ബാക്കി | 31088762 |
| വരവ് | 543708000 |
| ആകെ തുക | 574796762 |
| ചെലവ് | 568021660 |
| നീക്കിയിരിപ്പ് | 6775102 |